## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 433**

**29/06/2012-ൽ മറുപടിക്ക്**

## പ്രാദേശിക വികസന അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ. എ.കെ.ബാലൻ<br>,, പി.റ്റി.എ.റഹീം<br>,, രാജു എബ്രഹാം | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച വിവിധ പ്രാദേശിക വികസന അതോറിറ്റികൾ ഏതെല്ലാം പഞ്ചായത്തുകളെ അതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയെന്നറിയിക്കുമോ ;<br><br>(ബി) ഓരോ വികസന അതോറിറ്റിയുടെയും ഇനം തിരിച്ച് പ്രവർത്തന പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി) സംസ്ഥാനത്ത് പുതുതായി ഭരണങ്ങാനം ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് അതോറിറ്റിയും വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് അതോറിറ്റിയും രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി അതോറിറ്റികളുടെ പ്രവർത്തന പരിധിയിൽ താഴെ പറയുന്ന പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>**ഭരണങ്ങാനം ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് അതോറിറ്റി**<br><br>1. ഭരണങ്ങാനം പഞ്ചായത്ത്<br>2. മീനച്ചിൽ പഞ്ചായത്ത്<br>3. തിടനാട് പഞ്ചായത്ത്<br>4. തലപ്പലം പഞ്ചായത്ത്<br><br>**വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് അതോറിറ്റി**<br><br>പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി<br><br>1. മേലാറ്റൂർ പഞ്ചായത്ത്<br>2. വെട്ടത്തൂർ പഞ്ചായത്ത്<br>3. താഴേക്കോട് പഞ്ചായത്ത്<br>4. ആലിപറമ്പ് പഞ്ചായത്ത്<br>5. ഏലംകുളം പഞ്ചായത്ത്<br>6. പുലാമന്തോൾ പഞ്ചായത്ത്<br>7. അങ്ങാടിപ്പുറം പഞ്ചായത്ത്<br><br>വികസന അതോറിറ്റിയിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയാണ് ഈ അതോറിറ്റികളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രാദേശിക വികസന അതോറിറ്റിയുടെ പ്രവർത്തനം അവയുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. പ്രാദേശിക വികസന അതോറിറ്റിയുടെ പ്രവർത്തനം അവയുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തു കളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കു മെന്ന് കരുതുന്നില്ല. |
| (ഡി) | പ്രാദേശിക വികസന അതോറിറ്റികളുടെ പ്രവർത്തനം പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ ഉദ്യോഗസ്ഥ സംവിധാനത്തിൽ അധികജോലി ഭാരം ഏല്പിക്കുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | (ഡി) | ഇല്ല. |
| (ഇ) | സംസ്ഥാനത്ത് വിവിധ പ്രാദേശിക വികസന അതോറിറ്റികളുടെ രൂപീകരണം തദ്ദേശ സ്ഥാപനങ്ങളുടെ അധികാരത്തെ എപ്രകാരം ബാധിക്കുന്നു; വിശദമാക്കുമോ ? | (ഇ) | പ്രാദേശിക വികസന അതോറിറ്റികളുടെ രൂപീകരണം തദ്ദേശ സ്ഥാപനങ്ങളുടെ അധികാരത്തെ ബാധിക്കില്ല. |

സെക്ഷൻ ഓഫീസർ